പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.2735 — 12.02.2019 -ലെ മറുപടിയ്ക്ക്

## ബാംബൂ തൊഴിലാളി ക്ഷേമനിധി ബോർഡ്

| ചോദ്യം<br>ശ്രീ.പി.സി.ജോർജ് : | ഉത്തരം<br>ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
|---|---|
| എ) കേരള ഈറ്റ, കാട്ടുവള്ളി,തഴ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നടപ്പിലാക്കി വരുന്ന ക്ഷേമപദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കുമോ; | എ) 1) പെൻഷൻ-ക്ഷേമനിധിയിൽ അംഗത്വം നേടി 60 വയസിനു ശേഷം വിരമിക്കുന്ന തൊഴിലാളികൾക്ക് പദ്ധതി പെൻഷനും, ക്ഷേമനിധി ബോർഡ് പ്രവർത്തനം ആരംഭിക്കുന്നതിനു മുൻപ് (05.08.2000) 60 വയസ് കഴിഞ്ഞതിനാൽ ക്ഷേമനിധിയിൽ അംഗത്വം എടുക്കാൻ സാധിക്കാതെ വരികയും ഈ മേഖലയിൽ 3 വർഷത്തിൽ കുറയാതെ ജോലി ചെയ്തിട്ടുള്ളതുമായ തൊഴിലാളികൾക്ക് പദ്ധതി ഇതര പെൻഷനും, തൊഴിലെടുക്കാൻ സാധിക്കാത്ത തരത്തിൽ അവശതയുള്ള തൊഴിലാളികൾക്ക് അവശതപെൻഷനും കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ നൽകുന്നു. (സർക്കാർ ഗ്രാന്റ്)<br><br>2) സാമ്പത്തിക താങ്ങൽ സഹായം- ബോർഡ് അംഗത്വം എടുത്ത് ഒരു വർഷം പൂർത്തിയായ തൊഴിലാളികൾക്ക് പ്രതിവർഷം 1250/- രൂപ നൽകുന്നു. (സർക്കാർ ഗ്രാന്റ്)<br><br>3) പ്രസവ ധനസഹായം- സ്ത്രീതൊഴിലാളികൾക്ക് ഒരു പ്രസവത്തിന് 15000/- രൂപ ധനസഹായം (1000/- രൂപ ബോർഡ് വിഹിതം, 14000/- രൂപ സർക്കാർ വിഹിതം)<br><br>4) സ്കോളർഷിപ്പ്- എസ്.എസ്.എൽ.സി പരീക്ഷയിൽ 65% മാർക്കിൽ കൂടുതൽ വാങ്ങി ആദ്യ തവണ പാസാകുന്ന അംഗത്തിന്റെ മക്കൾക്ക്. ഒരു വർഷം 20 പേർക്കാണ് ടി ആനുകൂല്യം നൽകിവരുന്നത്. (ബോർഡിന്റെ തനതുഫണ്ട് ഉപയോഗിച്ച്)<br><br>5) വിവാഹധനസഹായം (അംഗത്വ കാലാവധി ഒരു വർഷം മുതൽ 2 വർഷം വരെ 2000/-, 2 വർഷം മുതൽ 3 വർഷം വരെ 2500/-, 3 വർഷത്തിന് മുകളിൽ 3000/-)<br><br>6) ചികിത്സാസഹായം- പരമാവധി 10,000/- രൂപ വരെ.<br><br>7) മരണാനന്തരസഹായം - അംശാദായമായി ബോർഡിൽ ഒടുക്കിയിട്ടുള്ള തുകയും തത്തുല്യമായ തുക ബോർഡ് വിഹിതവും. |
| ബി) പ്രസ്തുത ബോർഡിന് എത്ര ഓഫീസുകൾ ഉണ്ട്; ഈ ഓഫീസുകളിൽ ജോലിചെയ്യുന്ന സ്ഥിരം ജീവനക്കാരുടെയും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലിചെയ്യുന്നവരുടെയും എണ്ണം വ്യക്തമാക്കാമോ? | ബി) കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിന് ഒരു ഓഫീസ് ആണ് ഉള്ളത്. ടി ഓഫീസ് എറണാകുളം ജില്ലയിൽ അങ്കമാലിയിലാണ് പ്രവർത്തിക്കുന്നത്. ഈ ബോർഡിൽ സ്ഥിരം ജീവനക്കാരില്ല. ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പൂർണ്ണ അധിക ചുമതല എറണാകുളം ജില്ല ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) ന് നൽകിയിട്ടുണ്ട്. ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ 2 പേർ ജോലിചെയ്യുന്നുണ്ട്. ( അക്കൗണ്ട്സ് ഓഫീസർ 1, ക്ലർക്ക് 1) |

സെക്ഷൻ ഓഫീസർ